**Athmaraksha.org**

പാപ്പയിൽ നിറഞ്ഞുനിൽക്കുന്ന സ്വഭാവഗുണങ്ങൾ

## ഞാൻ വിശ്വാസിയാണ്; എന്നാൽ എന്റെ ദൈവം കത്തോലിക്കനല്ല



തടവുകാരോടു നിങ്ങളും അവരോടൊപ്പം തടവിലായിരുന്നാലെന്ന പോലെ പെരുമാറുവിൻ (ഹെബ്രായർ 13:3).

ജൂലൈ 7-നായിരുന്നു തുടക്കം. പിന്നീട് ആഗസ്റ്റ് 7-ന് അത് തുടർന്നു. സ്കാൾഫാരിലാ 'റെപ്പബ്ലിക്ക' എന്ന സ്വന്തം പത്രത്തിൽ വിശ്വാസത്തിന്റെ വെളിച്ചത്തെക്കുറിച്ച് ലേഖനം എഴുതി. കൂടെ ഫ്രാൻസിസ് പാപ്പായോട് കുറെ ചോദ്യങ്ങളും. സെപ്റ്റംബറിൽ പാപ്പാ മറുപടി കൊടുത്തു. സ്കാൾപാരി അത് പ്രസിദ്ധീകരിച്ചു. തുടർന്നാണ് ഫ്രാൻസിസ് പാപ്പാ സ്കോൾഫാരിയെ ഫോണെടുത്ത് വിളിച്ചത്-മുഖാമുഖം സംസാരിക്കാൻ. എവുജേനിയോ സ്കാൾഫാരിയും ഫ്രാൻസിസ് പാപ്പായും തമ്മിൽ നടത്തിയ കൂടിക്കാഴ്ച.

ഫ്രാൻസിസ് പാപ്പാ എന്നോടു പറഞ്ഞു: ലോകം ഇന്ന് അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ യുവാക്കളുടെ തൊഴിലില്ലായ്മയും വയോധികരുടെ ഏകാന്തതയുമാണ്. വൃദ്ധർക്ക് പരിഗണനയും സൗഹൃദവും കരുതലും വേണം. യുവാക്കൾക്കും ഇതൊന്നും കിട്ടുന്നില്ല. ഇതിനെക്കാൾ അപകടകരമാണ് പ്രതീക്ഷപോലും അവർക്ക് ഇല്ലാതായിരിക്കുന്നു എന്നത്. ഈ കാലഘട്ടം അത്തരം പ്രതീക്ഷകളെപ്പോലും തകർത്തുകളഞ്ഞിരിക്കുന്നു. ഇപ്രകാരം തങ്ങൾക്കു ലഭിക്കേണ്ടതു ലഭിക്കും എന്ന പ്രതീക്ഷകളെപ്പോലും തകർത്തുകളഞ്ഞ ഒരു കാലത്ത് നമുക്ക് ജീവിക്കാനാകുമോ? ഭൂതകാലത്തിന്റെ ഓർമ്മകളില്ലാതെയും ഒരു നല്ല ഭാവിയോ, കുടുംബമോ നിർമ്മിക്കാനോ ഉള്ള താൽപര്യംപോലും ഇല്ലാതെയും നമുക്ക് എങ്ങനെ മുമ്പോട്ടു പോകാനാകും? എന്റെ അഭിപ്രായത്തിൽ സഭ നേരിടുന്ന ഏറ്റവും അടിയന്തരപ്രശ്നം ഇതാണ്. സ്കാൾഫാരി: സർക്കാരും, രാഷ്ട്രീയക്കാരും കൈകാര്യം ചെയ്യേണ്ട രാഷ്ട്രീയവും സാമൂഹികവുമായ പ്രശ്നമല്ലേ ഇതെന്നാണ് എന്റെ ചോദ്യം.

പാപ്പാ: നിങ്ങൾ പറയുന്നത് ശരിയാണ്. പക്ഷേ അതു സഭയെയും ബാധിക്കുന്നവയാണ്. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ ഇതു കൂടുതൽബാധിക്കുന്നത് സഭയെയാണ്. കാരണം ഇവ മുറിപ്പെടുത്തുന്നത് ഒരുവന്റെ ശരീരത്തെ മാത്രമല്ല. ആത്മാവിനെക്കൂടിയാണ്. ആത്മാവിനെയും ശരീരത്തെയും സഭ ഒരേപോലെ പരിഗണിക്കേണ്ടതുണ്ട്. സ്കാൾഫാരി: സഭ പരിഗണിക്കണം എന്ന് അങ്ങു പറയുന്നു. ഇതിനർത്ഥം സഭ ഇവയെ ഒന്നും ഇപ്പോൾ പരിഗണിക്കുന്നില്ല എന്നാണോ? സഭയെ ആ വഴിക്ക് അങ്ങ് നയിക്കും എന്നാണോ?

പാപ്പാ: ഒരു പരിധിവരെ ഇത്തരം കാര്യങ്ങളെപ്പറ്റി സഭ ബോധവതിയാണ്. എന്നാൽ വേണ്ടുവോളം ബോധവതി അല്ല താനും. പൂർണ്ണമായും അങ്ങനെ ആകണം എന്നാണ് എന്റെ ആഗ്രഹം. സഭ ഇന്ന്

നേരിടുന്ന ഒരു പ്രശ്നം ഇതാണ് ഏറ്റവും അടിയന്തര സ്വഭാവത്തോടെ ക്രിയാത്മകമായി ഇടപെടേണ്ട പ്രശ്നവും ഇതുതന്നെ.

മാർപാപ്പായുമായുള്ള എന്റെ കൂടിക്കാഴ്ച സാന്താ മാർത്തയിലുള്ള അദ്ദേഹത്തിന്റെ വസതിയിൽവച്ചാണ് നടന്നത്. ഒരു മേശയും അതിനു ചുറ്റും അഞ്ചോ, ആറോ കസേരകളും, ചുമരിൽ ഒരു പെയ്ന്റിങ്ങും മാത്രമുള്ള ഒരു ചെറിയ മുറി. ഈ കൂടിക്കാഴ്ചയ്ക്ക് വഴിയൊരുക്കിയത് എന്റെ ജീവിതത്തിൽ ഞാൻ ഒരിക്കലും മറക്കാത്ത ഒരു ഫോൺ വിളിയാണ്.

ഞാൻ എന്റെ പത്ര ഓഫീസിൽ ഇരിക്കുന്നു. സമയം ഏകദേശം ഉച്ചകഴിഞ്ഞ് 2.30. ഓഫീസിലെ ഫോൺ ശബ്ദിക്കുന്നു. സെക്രട്ടറി ഫോൺ എടുക്കുന്നു. അയാൾ ഏറെ പരിഭ്രമിച്ച ശബ്ദത്തോടെ എന്നോടു പറഞ്ഞു: പാപ്പാ വിളിക്കുന്നു. ഞാൻ റിസീവർ കൈയിലെടുത്തു. ഹലോ എന്നു പറഞ്ഞു. അപ്പുറത്തുനിന്നും കേൾക്കുന്നത് മാർപ്പാപ്പായുടെ ശബ്ദമാണെന്ന് എനിക്ക് വിശ്വസിക്കാനായില്ല:ഹലോ ഇത് ഫ്രാൻസിസ് പാപ്പായാണ്. ആ ശബ്ദം എന്റെ കാതിൽ പതിച്ചപ്പോൾ എന്തു പറയണം എന്നറിയാതെ ഞാൻ അത്ഭുതംകൊണ്ട് ആകെ തരിച്ചുപോയി. എന്നിട്ടും ഞാൻ പറഞ്ഞുപാപ്പാ എന്നെ വിളിക്കും എന്ന് ഞാൻ പ്രതീക്ഷിച്ചില്ല. പാപ്പാ പറഞ്ഞു:എന്തിനാണ് അത്ഭുതപ്പെടുന്നത്? എന്നെ കാണണം എന്നു പറഞ്ഞ് നിങ്ങൾ എനിക്കൊരു കത്തയച്ചിരുന്നില്ലേ? എനിക്കും അങ്ങനെ ഒരാഗ്രഹം തോന്നി. നമ്മൾ തമ്മിലൊരു കൂടിക്കാഴ്ച ഉറപ്പിക്കുന്നതിനാണ് ഞാൻ വിളിച്ചത്. അങ്ങനെ ആ ഫോൺ സംഭാഷണത്തിനൊടുവിൽ അടുത്ത ചൊവ്വാഴ്ച സെപ്റ്റംബർ 24-ാം തീയതി മൂന്നു മണിക്ക് സാന്താ മാർത്തയിൽ വച്ച് കാണാം എന്നു തീരുമാനിച്ചു. ആ ഫോൺ സംഭാഷണം എങ്ങനെ അവസാനിപ്പിക്കണം എന്ന് എനിക്കറിയില്ലായിരുന്നു. ഞാൻ ചോദിച്ചു."എനിക്ക് ഫോണിലൂടെ അങ്ങയെ ആലിംഗനം ചെയ്യാമോ? മറുപടി ഉറച്ചതായിരുന്നു."തീർച്ചയായും ഞാൻ നിങ്ങളെയും ആലിംഗനം ചെയ്യുന്നു. അങ്ങനെയാണ് ഈ കൂടിക്കാഴ്ച സാധ്യമായത്. ഹസ്തദാനം ചെയ്ത് ഞങ്ങളിരുവരും മേശയ്ക്ക് അപ്പുറവും ഇപ്പുറവുമായി ഇരുന്നു.

പാപ്പാ: താങ്കളെ അറിയാവുന്ന എന്റെ ചില സഹപ്രവർത്തകർ പറഞ്ഞു. താങ്കൾ താങ്കളുടെ ആശയങ്ങളിലേക്കു എന്നെ മാറ്റിയെടുക്കും എന്ന്.

സ്കാൾഫാരി: അത് രസകരമായിരിക്കുന്നല്ലോ. എന്റെ സുഹൃത്തുക്കളും പറഞ്ഞു പാപ്പാ എന്നെ മാനസാന്തരപ്പെടുത്തുമെന്ന്.

പാപ്പ: (ചിരിച്ചുകൊണ്ട്) ഒരാളെ മാനസാന്തരപ്പെടുത്തുക എന്നത് ശുദ്ധ അസംബന്ധമാണ്. നമ്മൾ പരസ്പരം അറിയണം; പരസ്പരം കേൾക്കണം. അങ്ങനെ നമുക്ക് ചുറ്റുമുള്ള ലോകത്തെപ്പറ്റിയുള്ള നമ്മുടെ അറിവ് വർദ്ധിപ്പിക്കണം. പലപ്പോഴും ഒരു കൂടിക്കാഴ്ച കഴിഞ്ഞാൽ മറ്റൊരു കൂടിക്കാഴ്ചയെപ്പറ്റി ആലോചിക്കാൻ ഞാൻ പറയും. കാരണം പരസ്പരമുള്ള സംവാദങ്ങളിൽനിന്നാണ് പുതിയ ആശയങ്ങളും ആവശ്യങ്ങളും രൂപപ്പെടുക. പരസ്പരം അിറയുക അറിയുക, അങ്ങനെ ആശയങ്ങളുടെ വലയം വലുതാക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പരസ്പരം അടുക്കുകയും അകലുകയും ചെയ്യുന്ന വിരുദ്ധവീഥികൾ നിറഞ്ഞതാണീ ലോകം. എന്നാൽ ഈ വഴികളെല്ലാം നന്മയിലേക്ക് നയിക്കുന്നു എന്നതാണ് പ്രധാനപ്പെട്ട കാര്യം.

സ്കാൾഫാരി: നന്മയെപ്പറ്റി ലോകത്തിൽ ഒരു ഏകവീക്ഷണമുണ്ടോ? ഉണ്ടെങ്കിൽ ആരാണത് തീരുമാനിക്കുന്നത്?

പാപ്പാ: നന്മയെയും തിന്മയെയുംപറ്റി നമുക്കോരോരുത്തർക്കും ഓരോ കാഴ്ചപ്പാടാണുള്ളത്. ഓരോരുത്തനും നന്മയെന്നു കരുതുന്നതിലേക്ക് എത്തിച്ചേരാൻ അവനെ പ്രോത്സാഹിപ്പിക്കുക എന്നതാണ് നമ്മുടെ കടമ.

സ്കാൾഫാരി: മനസ്സാക്ഷി സ്വയാധികാരമുള്ളതാണെന്ന് എനിക്കയച്ച കത്തിൽ അങ്ങ് പറഞ്ഞിരുന്നല്ലോ. അതുകൊണ്ട് ഓരോരുത്തരും അവനവന്റെ മനഃസാക്ഷിയെ അനുസരിക്കണമെന്നും. മാർപ്പാപ്പാ എടുക്കുന്ന ധീരമായ തീരുമാനങ്ങളിലൊന്ന് ഇതാണെന്ന് ഞാൻ കരുതുന്നു.

പാപ്പാ: ഞാനത് വീണ്ടും ആവർത്തിക്കുന്നു. നന്മയെയും തിന്മയെയും പറ്റി ഓരോരുത്തനും അവനവന്റേതായ കാഴ്ചപ്പാടുണ്ട്. ഓരോരുത്തനും അവനവന്റെ കാഴ്ചപ്പാടിലെ നന്മയ്ക്കനുസരിച്ച് പ്രവർത്തിക്കുകയും തിന്മയ്ക്കെതിരായി നില്ക്കുകയും വേണം. ലോകത്തെ, ഒരിക്കൽകൂടി നന്മയുടെസ്ഥലമാക്കാൻ അതു മതിയാകും.

സ്കാൾഫാരി: സഭ അതു ചെയ്യുന്നുണ്ടോ?

പാപ്പാ: അതാണ് സഭയുടെ ദൗത്യം. ജനങ്ങളുടെ ഭൗതികവും ആത്മീയവുമായ ആവശ്യങ്ങൾ തിരിച്ചറിയുകയും നമ്മാലാവും വിധം അവ സാധിച്ചുകൊടുക്കാൻ ശ്രമിക്കുകയും ചെയ്യുക. 'അഗാപ്പേ' എന്താണെന്ന് നിങ്ങൾക്കറിയാമോ?

സ്കാൾഫാരി: എനിക്കറിയാം.

പാപ്പാ: ക്രിസ്തു പഠിപ്പിച്ചതുപോലെ അത് പരസ്നേഹമാണ്. അത് മന:പരിവർത്തനമെന്ന, സ്നേഹമാണ്. അയർക്കാരനുവേണ്ടിയുള്ള സ്നേഹമാണത്. പൊതുനന്മയെ പുഷ്ടിപ്പെടുത്തുന്നതാണത്.

സ്കാൾഫാരി: അതായത്. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക.
പാപ്പാ: അതുതന്നെ.

സ്കാൾഫാരി: യേശുക്രിസ്തു തന്റെ പ്രഭാഷണത്തിൽ പറഞ്ഞിട്ടുണ്ട്. പരസ്നേഹത്തിലൂടെ മാത്രമേ ദൈവത്തെ സ്നേഹിക്കാൻ കഴിയൂ എന്ന്. അത് ശരിയല്ലേ?

പാപ്പാ: നിങ്ങൾക്കു തെറ്റിയിട്ടില്ല. ദൈവപുത്രൻ മനുഷ്യഹൃദയങ്ങളിൽ വസിക്കുന്നത് സാഹോദര്യത്തിന്റെ വികാരം കുത്തിവയ്ക്കാനാണ്. എല്ലാവരും ഒരേ പിതാവിന്റെ മക്കളാണ്. അതിനാൽ സോഹദരന്മാരുമാണ്. ക്രിസ്തു ദൈവത്തെ 'ആബാ,' 'പിതാവേ' എന്നാണ് വിളിച്ചത്. ഞാൻ നിങ്ങൾക്ക് വഴികാണിച്ചുതരാം എന്നാണ് ക്രിസ്തു പറഞ്ഞത്. എന്റെ പിന്നാലെവരിക. നിങ്ങൾക്ക് പിതാവിനെ കണ്ടെത്താനാവും. അപ്പോൾ നിങ്ങളെല്ലാം ആ പിതാവിന്റെ മക്കളായിത്തീരും. അവിടുന്ന് നിങ്ങളിൽ സന്തോഷിക്കുകയും ചെയ്യും. നമുക്ക് ഓരോരുത്തർക്കും മറ്റുള്ളവരോടുള്ള സ്നേഹമാണ് 'അഗാപ്പേ'. നമ്മുടെ അടുത്തു നിൽക്കുന്നവരോടും, അകന്നുനിൽക്കുന്നവരോടും ഉള്ള സ്നേഹം. അതുമാത്രമാണ് യേശു നമുക്കു തന്ന രക്ഷയിലേയ്ക്കും സൗഭാഗ്യത്തിലേയ്ക്കുമുള്ള ഏക വഴി.

സ്കാൾഫാരി: നമ്മൾ പറഞ്ഞതുപോലെ അയൽക്കാരനോടുള്ള സ്നേഹം തന്നോടുതന്നെയുള്ള സ്നേഹത്തിന് തുല്യമാണെന്ന് ക്രിസ്തു പറഞ്ഞിട്ടുണ്ടല്ലോ. അപ്പോൾ 'ആത്മാനുരാഗം' എന്നു വിളിക്കപ്പെടുന്നത് പരസ്നേഹത്തെപ്പോലെതന്നെ ഗുണപരവും വിലയുള്ളതുമാണെന്ന് വരുകയല്ലേ.

പാപ്പാ: 'ആത്മാനുരാഗം' എന്ന വാക്ക് എനിക്കിഷ്ടമല്ല. അത് ഉദ്ദേശിക്കുന്നത് ആത്മരതിയെയാണ്. അത് സ്വയംപൂജയാണ്. അതിലുൾപ്പെട്ടിരിക്കുന്ന വ്യക്തിക്കും അയാളുമായി ബന്ധപ്പെട്ടവർക്കും, അയാൾ ഉൾപ്പെടുന്ന സമൂഹത്തിനും അതു ഗുണം ചെയ്യില്ല. യഥാർത്ഥപ്രശ്നം അതൊരുതരം മാനസികവിഭ്രാന്തിയാണ് എന്നതാണ്. ഇത് പിടിപെട്ടിരിക്കുന്ന പലരും അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവരുമാണ്. മിക്കപ്പോഴും അധികാരികൾ ആത്മാനുരാഗികളാണ്.

സ്കാൾഫാരി: പലപ്പോഴും സഭയുടെ അധികാരികളും അങ്ങനെയായിരുന്നു?

പാപ്പാ: ഞാൻ അതിനെപ്പറ്റി എന്താണ് ചിന്തിക്കുന്നത് എന്നറിയാമോ? സഭാമേലദ്ധ്യക്ഷന്മാർ പലപ്പോഴും ആത്മാനുരാഗികളായിരുന്നിട്ടുണ്ട്-കൊട്ടാരവിദൂഷകരുടെ മുഖസ്തുതികളിൽ കോൾമയിർകൊള്ളുന്ന ആത്മാനുരാഗികൾ. ഈ കൊട്ടാരവിദൂഷകരാണ് പേപ്പസ്സിയുടെ കുഷ്ഠരോഗം.

സ്കാൾഫാരി: പേപ്പസിയുടെ കുഷ്ഠരോഗം. അതാണ് അങ്ങ് ഉപയോഗിച്ച പ്രയോഗം. കൊട്ടാരവിദൂഷകർ

ആരാണ്? കൂരിയയാണോ?

പാപ്പാ: അല്ല. കൂരിയായെ പൊതുവിൽ അങ്ങനെ പറയാനാവില്ല. കൂരിയായിൽ വിദൂഷക സംഘങ്ങളുണ്ട്. സൈന്യത്തിൽ ക്വാർട്ടർമാസ്റ്ററുടെ ഓഫീസ് എന്നു പറയുന്നതു പോലെയാണത്. പരിശുദ്ധസിംഹാസനത്തെ സേവിക്കുന്ന ശുശ്രൂഷകളെ നിയന്ത്രിക്കുക എന്നതാണ് അതിന്റെ ദൗത്യം. പക്ഷേ, അതിനൊരു കുറവുണ്ട്. അത് വത്തിക്കാൻ കേന്ദ്രീകൃതമാണ്. വത്തിക്കാന്റെ താല്പര്യങ്ങൾ മാത്രമേ അതു കാണുന്നുള്ളൂ; സംരക്ഷിക്കുന്നുള്ളൂ. അത് പലപ്പോഴും ഭൗതികതാൽപര്യങ്ങളാണുതാനും. വത്തിക്കാൻകേന്ദ്രീകൃതമായ വീക്ഷണം ചുറ്റുമുള്ള ലോകത്തെ അവഗണിക്കുന്നു. ഞാൻ ഈ കാഴ്ചപ്പാടിനോട് യോജിക്കുന്നില്ല. ഇതു മാറ്റാൻ എന്നെക്കൊണ്ട് ആവുന്നതെല്ലാം ഞാൻ ചെയ്യും. ദൈവജനത്തിന്റെ കൂട്ടായ്മയായി സഭ മാറണം. ആത്മാക്കളുടെ ശുശ്രൂഷാചുമതലയുള്ള വൈദികരും മെത്രാന്മാരും ദൈവജനശുശ്രൂഷയിൽ വ്യാപൃതരാകണം. ഇതാണ് സഭ. ഇതു തന്നെയാണ് പരിശുദ്ധസിംഹാസനവും (പേപ്പസി). എങ്കിലും അതിന് അതിന്റേതായ കർത്തവ്യങ്ങളുണ്ട്. എന്നാൽ ഈ കർത്തവ്യങ്ങൾ സഭയുടെ സേവനത്തിനുള്ളതായിരിക്കണം. സഭയുടെ പരിശീലനം കിട്ടിയില്ലായിരുന്നെങ്കിൽ ദൈവത്തിലും ദൈവപുത്രനിലും ഞാൻ വിശ്വസിക്കുമായിരുന്നില്ല. അർജന്റീനപോലെ ഒരു രാജ്യത്ത് ജീവിച്ചില്ലായിരുന്നെങ്കിൽ ഞാൻ എന്നെപറ്റിയോ; എന്റെ വിശ്വാസത്തെപ്പറ്റിയോ ബോധവാനാകുമായിരുന്നില്ല.

സ്കാൾഫാരി: വളരെ ചെറുപ്രായത്തിൽ തന്നെ അങ്ങേക്ക് ദൈവവിളി കിട്ടി അല്ലേ?

പാപ്പാ: ഇല്ല. അത് അത്ര ചെറുപ്രായത്തിലൊന്നും ആയിരുന്നില്ല. ഞാൻ പഠിച്ച് ഒരു ജോലി സമ്പാദിച്ച് കാശുണ്ടാക്കണം എന്നതായിരുന്നു എന്റെ കുടുംബത്തിന്റെ ആഗ്രഹം. ഞാൻ യൂണിവേഴ്സിറ്റിയിൽ പോയി. അവിടെ ഞാൻ ഏറെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്തിരുന്ന ഒരു അധ്യാപിക ഉണ്ടായിരുന്നു. അവർ ഒരു കടുത്ത കമ്മ്യൂണിസ്റ്റുകാരിയായിരുന്നു. അവർ പലപ്പോഴും പാർട്ടിരേഖകൾ എന്നെ വായിച്ചുകേൾപ്പിക്കുമായിരുന്നു. ചില കമ്മ്യൂണിസ്റ്റ്പുസ്തകങ്ങളും അവർ എനി ക്ക് വായിക്കാൻ തന്നു. അതുകൊണ്ട് ഭൗതികവാദത്തെ അടുത്തറിയാൻ എനിക്കു സാധിച്ചു. അർജന്റീനയിലെ ഏകാധിപത്യഭരണകൂടം പിന്നീടവരെ കഠിനതടങ്കലിൽ പാർപ്പിക്കുകയും പീഡിപ്പിക്കുകയും അവസാനം വധിക്കുകയും ചെയ്തു.

സ്കാൾഫാരി: അങ്ങ് കമ്മ്യൂണിസത്തിൽ ആകൃഷ്ടനായോ?

പാപ്പാ: ടീച്ചറുടെ ഭൗതികവാദത്തിന് എന്റെമേൽ സ്വാധീനം ചെലുത്താനായില്ല. എന്നാൽ അതിനെക്കുറിച്ച് ധീരയും സത്യസന്ധയുമായ ഒരു വനിതയിലൂടെ പഠിക്കാൻ കഴിഞ്ഞത് വളരെ സഹായകമായി. സമൂഹത്തെപ്പറ്റിയുള്ള ചില കാഴ്ചപ്പാടുകൾ എനിക്കവരിൽ നിന്നു പഠിക്കാൻ കഴിഞ്ഞു. പിന്നീട് ഈ കാഴ്ചപ്പാടുകൾ ഞാൻ സഭയുടെ സാമൂഹ്യ പ്രമാണങ്ങളിലും കണ്ടു.

സ്കാൾഫാരി: ജോൺ പോൾ മാർപാപ്പാ നിരോധിച്ച വിമോചനദൈവശാസ്ത്രം ലാറ്റിൻ അമേരിക്കയിൽ വളരെ ശക്തമായിരുന്നില്ലേ?

പാപ്പാ: ശരിയാണ് അതിന്റെ വക്താക്കളിൽ പലരും അർജന്റീനക്കാരാണ്.

സ്കാൾഫാരി: മാർപാപ്പാ അതിനെതിരെ യുദ്ധം പ്രഖ്യാപിച്ചത് ശരിയാണെന്നു കരുതുന്നുണ്ടോ?
പാപ്പാ: അവരുടെ ദൈവശാസ്ത്രത്തിന് രാഷ്ട്രീയമാനങ്ങൾ ഉണ്ടായിരുന്നുവെന്നത് ശരിയാണ്. എന്നാൽ അവരിൽ പലരും നല്ല ദൈവവിശ്വാസികളും വളരെ ഉയർന്ന മനുഷ്യസ്നേഹികളുമായിരുന്നു എന്നു നാം ഓർക്കണം.

സ്കാൾഫാരി: എന്റെ സാംസ്കാരികചുറ്റുപാടുകളെക്കുറിച്ച് ഞാൻ അങ്ങയോടു പറയട്ടെ. ഉത്തമകത്തോലിക്കാവിശ്വാസമുള്ള ഒരു അമ്മയാണ് എന്നെ വളർത്തിയത്. എന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ വേദപാഠത്തിന് എനിക്ക് രൂപതയിൽ ഒന്നാം സ്ഥാനമായിരുന്നു. എല്ലാ

മാസാദ്യവെള്ളിയാഴ്ചയും ഞാൻ കുമ്പസാരിച്ച് കുർബ്ബാന സ്വീകരിക്കുമായിരുന്നു. എല്ലാ അർത്ഥത്തിലും ഞാനൊരു ഉത്തമകത്തോലിക്കാ വിശ്വാസിയായിരുന്നു. എന്നാൽ ഹൈസ്കൂളിൽ പ്രവേശിച്ചതോടെ കാര്യങ്ങൾ തലകീഴായ് മറിഞ്ഞു. മറ്റു തത്വശാസ്ത്രപുസ്തകങ്ങളുടെ കൂടെ ഞാൻ ദെക്കാർട്ടിന്റെ 'ഉശരീൗൃലെ ീ ാലവേീറ' വായിച്ചു. ''ഞാൻ ചിന്തിക്കുന്നു; അതുകൊണ്ട് ഞാൻ ഉണ്ട്.''എന്ന വാചകം എങ്കിൽ തുളച്ചു കയറി. ഈ പുസ്തകം ഒരു പുതിയ ലോകം എനിക്കു തുറന്നു തന്നു- വ്യക്തിയാണ് മനുഷ്യവംശത്തിന്റെ അടിസ്ഥാനഘടകം, സ്വതന്ത്രചിന്തയുടെ ഇരിപ്പിടം.

പാപ്പാ: ദെക്കാർട്ട് ഒരിക്കലും ദൈവത്തിന്റെ അസ്തിത്വത്തെ നിഷേധിക്കുന്നില്ലല്ലോ!.

സ്കാൾഫാരി: അതു ശരിയാണ്. എന്നാൽ വ്യത്യസ്തമായൊരു കാഴ്ചയുടെ അടിസ്ഥാന ശിലകൾ എന്നിൽ പാകാൻ അദ്ദേഹത്തിനു കഴിഞ്ഞു. പിന്നീട് ഞാൻ ആ പാത പിന്തുടരാൻ ഇടയായി. ഞാൻ വായിച്ച പുസ്തകങ്ങളെല്ലാം അതിനെ പിന്തുണച്ചു. അങ്ങനെ ഞാൻ മറ്റൊരു സ്ഥലത്ത് എത്തുകയും ചെയ്തു.

പാപ്പാ: ഞാൻ മനസ്സിലാക്കുന്നതനുസരിച്ച് നിങ്ങൾ ഒരു അവിശ്വാസിയാണ്. എന്നാൽ പുരോഹിതവിരോധിയായല്ല താനും. അത് രണ്ടും വ്യത്യസ്തമായ രണ്ടു കാര്യങ്ങളാണ്.
സ്കാൾഹാരി: ശരിയാണ്. ഞാൻ വൈദികവിരോധിയല്ല. എന്നാൽ അധികാരപ്രമത്തത ബാധിച്ച ചില പുരോഹിതരെ കാണുമ്പോൾ ഞാൻ വൈദികവിരോധിയായി മാറും.

പാപ്പാ: (ചിരിച്ചുകൊണ്ട്) അതുപിന്നെ അങ്ങനെ ചില വൈദികരെ കണ്ടുമുട്ടിയാൽ ഞാനും വൈദികവിരോധിയാകും. വൈദികരുടെ അധികാരപ്രമത്തതയ്ക്ക് ക്രിസ്തീയതയുമായി ബന്ധമൊന്നുമില്ല.

സ്കാൾഹാരി: ഞാൻ അങ്ങയോട് വ്യക്തിപരമായി ഒരു കാര്യം ചോദിച്ചുകൊള്ളട്ടെ! അങ്ങയുടെ ഹൃദയത്തോട് ഏറ്റവും അടുപ്പമുള്ള വിശുദ്ധർ ആരാണ്? എങ്ങനെയാണ് അവർ അങ്ങയുടെ മതാനുഭവത്തെ രൂപപ്പെടുത്തിയത്?

പാപ്പാ: സെന്റ് പോളാണ് നമ്മുടെ മതത്തിന്റെയും വിശ്വാസപ്രമാണത്തിന്റെയും മൂലക്കല്ലിട്ട വ്യക്തി. പൗലോസിനെ ഒഴിവാക്കിക്കൊണ്ട് ഒരാൾക്ക് ബോധപൂർവ്വം ക്രിസ്ത്യാനിയായിരിക്കാൻ കഴിയില്ല. യേശുവിന്റെ പ്രബോധനങ്ങളെ പൗലോസ് വിശ്വാസപ്രമാണത്തിന്റെ ഘടനയിലേക്കു രൂപാന്തരപ്പെടുത്തി. നൂറ്റാണ്ടുകളിലൂടെ അനേകം ചിന്തകരും ദൈവശാസ്ത്രജ്ഞരും അതിനോട് പുതിയ കൂട്ടിച്ചേർക്കലുകൾ നടത്തിയെങ്കിലും 2000 വർഷത്തിനുശേഷവും പൗലോസിന്റെ ഘടന ഇന്നും ശക്തമായി നിലനിൽക്കുന്നു. പൗലോസ് കഴിഞ്ഞാൽ സെന്റ് അഗസ്റ്റിൻ, ബനഡിക്ട്, തോമസ് അക്വിനാസ്, വിശുദ്ധ ഇഗ്നേഷ്യസ്. പിന്നെ സെന്റ് ഫ്രാൻസിസും. ഞാൻ അത് വിവരിക്കേണ്ട ആവശ്യമുണ്ടോ?

സ്കാൾഫാരി: (ആത്മഗതം) പാപ്പായെ ഫ്രാൻസിസ് എന്ന് വിളിക്കാൻ ഞാൻ എന്നെ തന്നെ അനുവദിക്കുകയാണ്. എന്തെന്നാൽ അദ്ദേഹം തന്നെയാണ് തന്റെ സംസാരരീതികൊണ്ടും പുഞ്ചിരികൊണ്ടും പ്രസന്നതകൊണ്ടും സഹിഷ്ണുതകൊണ്ടും എന്നെ അതിനു ധൈര്യപ്പെടുത്തുന്നത്. അദ്ദേഹത്തിന്റെ മുഖഭാവം കൂടുതൽ അപ്രിയകരമായ ചോദ്യങ്ങൾ അദ്ദേഹത്തോട് ചോദിക്കാൻ എന്നെ പ്രചോദിപ്പിക്കുന്നു. അതുകൊണ്ട് ഞാൻ ചോദിച്ചു. വിശുദ്ധ പൗലോസിന്റെ പ്രാധാന്യവും സഭയുടെ നിർമ്മിതിയിൽ അദ്ദേഹത്തിന്റെ പങ്കും വിശദീകരിച്ചുവല്ലോ? എന്നാൽ അങ്ങു പറഞ്ഞ വിശുദ്ധരിൽ ആരാണ് അങ്ങയുടെ ആത്മാവിനോട് ഏറ്റവും ചേർന്നു നില്ക്കുന്നത്?

പാപ്പാ: നിങ്ങൾ എന്നോട് വിശുദ്ധർക്ക് റാങ്കുകൾ നിശ്ചയിക്കാൻ പറയുകയാണോ? എന്നാൽ അത്തരം സ്ഥാനക്രമീകരണം കായികവിനോദങ്ങൾക്കോ മറ്റോ ചേരുന്നതാണ്. അർജന്റീനയിലെ ഏറ്റവും നല്ല ഫുട്ബോൾ കളിക്കാരുടെ പേരുകൾ മുൻഗണനക്രമത്തിൽ ഞാൻ നിങ്ങളോട് പറയാം. എന്നാൽ വിശുദ്ധരുടെ കാര്യത്തിൽ....

സ്കാൾഹാരി: എന്റെ ചോദ്യത്തിൽനിന്ന് ഒഴിഞ്ഞു മാറുകയാണോ?

പാപ്പാ: ഞാൻ ചോദ്യത്തിൽനിന്ന് ഒഴിഞ്ഞുമാറുകയല്ല. കാരണം വിശുദ്ധരുട#െ സാസംക്കാരികവും മതപരവുമായ പ്രാധാന്യത്തെപ്പറ്റിയുള്ള ഒരു മുൻഗണനാക്രമീകരണമല്ല നിങ്ങൾ ചോദിച്ചത്. മിറച്ച് എന്റെ ആത്മാവിനോട് ഏറ്റവും ചേർന്ന നില്ക്കുന്ന വിശുദ്ധൻ ആരാണ് എന്നാണ്. അതിന് ഞാൻ പറയും അഗസ്റ്റിനും, ഫ്രാൻസിസും.

സ്കാൾഹാരി: അങ്ങയുടെ സന്യാസസഭയുടെ സ്ഥാപകനായ ഇഗ്നേഷ്യസ് ഇല്ലേ?

പാപ്പാ: തീർച്ചയായും എനിക്ക് ഏറ്റവും കൂടുതൽ അടുത്ത് അിറയാവുന്ന വിശുദ്ധൻ ഇഗ്നേഷ്യസാണ്. അദ്ദേഹമാണ് ഞങ്ങളുടെ സഭാസ്ഥാപൻ. നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട കാർലോ മരിയ മർത്തീനിയും ഈ സന്യാസസഭയിൽനിന്ന തന്നെയാണ് വരുന്നതെന്ന് ഞാൻ ഓർമ്മിപ്പിക്കട്ടെ. മാർപാപ്പായോടുള്ള വിധേയത്വം, വിദ്യാഭ്യാസപ്രവർത്തനം, സാംസ്കാരികപ്രവർത്തനം, മിഷനറിപ്രവർത്തനം ഇവയിലെല്ലാം പുളിമാവുപോലെ പ്രവർത്തിക്കുന്നവരാണ് ഈശോസഭക്കാർ. സഭാസ്ഥാപകനായ ഇഗ്നേഷ്യസ് നവീകരണക്കാരനും മിസ്റ്റിക്കുമായിരുന്നു.

സ്കാൾഫാരി : മിസ്റ്റിക്കിന് സഭയിൽ ഉന്നതസ്ഥാനമുണ്ടെന്ന് അങ്ങ് കരുതുന്നുണ്ടോ?

പാപ്പാ : സഭയിൽ മിസ്റ്റിക്കുകളുടെ സ്ഥാനം അടിസ്ഥാനപരമായിരുന്നു. മിസ്റ്റിക്കുകൾ ഇല്ലാത്ത മതം വെറുമൊരു തത്വശാസ്ത്രമാണ്.

സ്കാൾഫാരി : അങ്ങേയ്ക്ക് ഒരു മിസ്റ്റിക് വിളിയുണ്ടോ?

പാപ്പാ : (ചിരിച്ചുകൊണ്ട്) എന്തു തോന്നുന്നു.

സ്കാൾഫാരി : അങ്ങനെയുണ്ടെന്നെനിക്ക് തോന്നുന്നില്ല.

പാപ്പാ : നിങ്ങൾ പറഞ്ഞത് ശരിയാണെന്ന് എനിക്ക് തോന്നുന്നു (ചിരിക്കുന്നു). എനിക്ക് മിസ്റ്റിക്കുകളെ ഇഷ്ടമാണ്. ഫ്രാൻസീസ് പല തലങ്ങളിലും മിസ്റ്റിക്കായിരുന്നു. പക്ഷേ എനിക്കതിനുള്ള ദൈവവിളി ഉണ്ടെന്നു തോന്നുന്നില്ല. മിസ്റ്റിക് എന്ന പദത്തെ നമ്മൾ അതിന്റെ യഥാർത്ഥ ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. പ്രവൃത്തികളിൽനിന്നും, വസ്തുക്കളിൽനിന്നും അജപാലനദൗത്യത്തിൽനിന്നുപോലും ഉരിഞ്ഞുമാറ്റപ്പെട്ട്, രൂപാന്തരീകരണം സംഭവിച്ച് അഭൗമസൗഭാഗ്യങ്ങളോട് താദാത്മ്യം പ്രാപിക്കാൻ കഴിയുന്ന വ്യക്തിയാണ് മിസ്റ്റിക്. ജീവിതം മുഴുവൻ നിറഞ്ഞുനിൽക്കുന്ന ക്ഷണികമായ നിമിഷങ്ങളാണവ.

സ്കാൾഫാരി : എപ്പോഴെങ്കിലും അങ്ങേക്കതു സംഭവിച്ചിട്ടുണ്ടോ?

പാപ്പാ : അപൂർവ്വമായി. ഉദാഹരണത്തിന് കർദ്ദിനാൾ തിരുസംഘം എന്നെ മാർപ്പാപ്പായായി തിരഞ്ഞെടുത്തപ്പോൾ, ഞാനതു സ്വീകരിക്കുന്നതിനുമുൻപ് അടുത്ത മുറിയിൽ തനിച്ച് കുറച്ചുനേരം ചെലവഴിക്കാമോ എന്നു ഞാൻ ചോദിച്ചു. അപ്പോൾ എന്റെ തല ശൂന്യമായിരുന്നു. എന്തെന്നില്ലാത്ത ആകാംക്ഷ എന്നെ പിടികൂടി. അതിനെ മറികടക്കാനും ശാന്തമാകാനുമായി ഞാൻ കണ്ണുകളടച്ച് എല്ലാ ചിന്തകളും അകറ്റി നിർത്തി. സ്ഥാനം സ്വീകരിക്കണമോ വേണ്ടയോ എന്ന ചിന്തപോലും ഞാൻ ഒഴിവാക്കി. അങ്ങനെ കുറേനേരം കണ്ണടച്ചിരുന്നപ്പോൾ ആകുലതകളോ വികാരങ്ങളോ അനുഭവപ്പെട്ടില്ല. ഒരു നിമിഷാർദ്ധത്തിൽ വലിയൊരു പ്രകാശം എന്നിൽ വന്നു നിറഞ്ഞു. അത് ഒരു നിമിഷാർദ്ധമേ ഉണ്ടായിരുന്നുള്ളു. എന്നാലും അത് ദീർഘസമയം നിലനിന്നതുപോലെ എനിക്ക് തോന്നി. പിന്നീട് ആ പ്രകാശം അപ്രത്യക്ഷമായി. ഞാൻ എഴുന്നേറ്റ് കർദ്ദിനാൾമാർ യോഗം കൂടിയിരുന്ന മുറിയിലേക്ക് പോയി. സമ്മതപത്രത്തിൽ ഒപ്പുവച്ചു. കർദ്ദിനാൾ കാമർലെങ്കോ അതിൽ ഒപ്പുവയ്ക്കുകയും സെന്റ് പീറ്റേഴ്സിലേക്കുള്ള ബാൽക്കണിയിലൂടെ പുതിയ പാപ്പാ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്ന് ലോകത്തെ അറിയിക്കുകയും ചെയ്തു.

സ്കാൾഫാരി: (ഞങ്ങൾ ഒരു നിമിഷം നിശബ്ദരായിരുന്നു). പിന്നീട് ഞാൻ ചോദിച്ചു. അങ്ങേയ്ക്ക് ഏറ്റവും പ്രിയമുള്ള വിശുദ്ധരെപ്പറ്റിയാണ് നമ്മൾ സംസാരിച്ചുകൊണ്ടിരുന്നത്. എന്തുകൊണ്ടാണ് സെന്റ് അഗസ്റ്റിൻ അങ്ങേയ്ക്ക് പ്രിയമുള്ള വിശുദ്ധനായത് ?

പാപ്പാ: എന്റെ മുൻഗാമിക്കും അദ്ദേഹം പ്രിയപ്പെട്ടവനായിരുന്നു. സെന്റ് അഗസ്റ്റിൻ തന്റെ ജീവിതകാലത്ത് പല പരീക്ഷണങ്ങളിലൂടെ കടന്നുപോകുകയും അദ്ദേഹത്തിന്റെ പ്രമാണികനിലപാടുകൾ പല പ്രാവശ്യം മാറ്റുകയും ചെയ്ത വ്യക്തിയാണ്. ജൂതർക്കെതിരെ അദ്ദേഹം കടുത്ത വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. അതിനോട് ഞാൻ യോജിക്കുന്നില്ല. അദ്ദേഹം ധാരാളം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ അപാരമായ പാണ്ഡിത്യവും ആത്മീയതയും വെളിവാക്കുന്ന പുസ്തകമാണ് കൺഫെഷൻസ് (കുമ്പസാരങ്ങൾ). ആ പുസ്തകം മിസ്റ്റിസിസത്തിന്റെ ചില വെളിപ്പെടുത്തലുകൾ ഉൾക്കൊള്ളുന്നുണ്ട്. പലരും പറയുന്നതുപോലെ അദ്ദേഹം വി. പൗലോസിന്റെ പിൻതുടർച്ചക്കാരനല്ല. സഭയെയും വിശ്വാസത്തെയും പൗലോസിൽനിന്നും വളരെ വ്യത്യസ്തമായ രീതിയിലാണ് അദ്ദേഹം കാണുന്നത്. പൗലോസും അഗസ്റ്റിനും തമ്മിൽ - കുറഞ്ഞത് നാലു നൂറ്റാണ്ടുകളുടെയെങ്കിലും വ്യത്യാസമുണ്ട്.

സ്കാൾഫാരി : എന്താണ് ആ വ്യത്യാസം?

പാപ്പാ : രണ്ട് കാര്യങ്ങളിലാണ് ആ വ്യത്യാസം കാണുന്നത്. ദൈവത്തിന്റെ അപരിമേയതയ്ക്കു മുൻപിൽ അഗസ്റ്റിൻ അശക്തനായിട്ടുണ്ട്. ദൈവംതരുന്ന കൃപയാണ് വിശ്വാസത്തിന്റെ അടിസ്ഥാനഘടകമെന്നതായിരുന്നു രണ്ടാമത്തെ കാര്യം. ദൈവകൃപയില്ലാത്ത ഒരാൾ കളങ്കമില്ലാത്തവനോ ഭയമില്ലാത്തവനോ ആയിരിക്കാം. എന്നാൽ ആ വ്യക്തിയെ ദൈവകൃപയുള്ള വ്യക്തിയുമായി തുലനം ചെയ്യാനാവില്ല. ഇതാണ് അഗസ്റ്റിന്റെ ജീവിതത്തെപ്പറ്റിയുള്ള ഉൾക്കാഴ്ച.

സ്കാൾഫാരി : അങ്ങേയ്ക്ക് ദൈവകൃപാനുഗ്രഹം ഉണ്ടായിട്ടുണ്ടോ?

പാപ്പാ : അത് ആർക്കും അറിയാനാകില്ല. കൃപ, ജ്ഞാനത്തിന്റെ ഭാഗമല്ല. യുക്തിയുടെ ഭാഗമല്ല. അത് ഒരു ആത്മീയവെളിച്ചമാണ്. അവബോധമാണ്. നിങ്ങൾ അറിയുകപോലും ചെയ്യാതെ അത് നിങ്ങളിലേക്ക് പ്രവേശിക്കും.

സ്കാൾഫാരി : വിശ്വാസമില്ലാതെയോ? ഒരു അവിശ്വാസിക്കും ഇത് സംഭവിക്കുമോ?

പാപ്പാ : ദൈവകൃപ ആത്മാവുമായി മാത്രമാണ് ബന്ധപ്പെട്ടിരിക്കുന്നത്.

സ്കാൾഫാരി : എനിക്ക് ആത്മാവിൽ വിശ്വാസമില്ല.

പാപ്പാ : നിങ്ങൾക്കാത്മാവിൽ വിശ്വാസമില്ലായിരിക്കാം. എന്നാൽ നിങ്ങൾക്കൊരാത്മാവുണ്ട്.

സ്കാൾഫാരി : അങ്ങ് പറഞ്ഞിരുന്നു എന്നെ മതപരിവർത്തനം ചെയ്യാൻ ശ്രമിക്കുക എന്നത് അങ്ങയുടെ ഉദ്ദേശമല്ലെന്ന്. അങ്ങനെ ആഗ്രഹിച്ചാലും അങ്ങ് അതിൽ വിജയിക്കുമെന്നും ഞാൻ കരുതുന്നില്ല.

പാപ്പാ : എന്തായാലും എനിക്കങ്ങനെ ഒരു ഉദ്ദേശ്യമില്ല. അതു സംഭവിക്കുന്നത് നമുക്കറിയാൻ കഴിയില്ല.

സ്കാൾഫാരി : സെയിന്റ് ഫ്രാൻസീസോ.............?

പാപ്പാ : അദ്ദേഹം മഹാനാണ്. കാരണം അദ്ദേഹം എല്ലാമാണ്. പ്രവർത്തിക്കാനും, പടുത്തുയർത്താനും കഴിവുള്ളവൻ. ഒരു സന്യാസസഭയുടെ സ്ഥാപകൻ, സഞ്ചാരി, മിഷനറി, കവി, പ്രവാചകൻ, മിസ്റ്റിക് അങ്ങനെ എല്ലാമാണ്. അദ്ദേഹം തന്നിൽതന്നെ തിന്മയെ കണ്ടെത്തുകയും അതിനെ പറിച്ചെറിയുകയും ചെയ്ത വ്യക്തിയാണ്. അദ്ദേഹം പ്രകൃതിയെ സ്നേഹിച്ചു - മൃഗങ്ങളെ, പൂക്കളെ, പക്ഷികളെ, മത്സ്യങ്ങളെ, ചന്ദ്രനെ, സൂര്യനെ, നക്ഷത്രങ്ങളെ, അതിനെല്ലാമുപരി മനുഷ്യനെ, കുട്ടികളെ, സ്ത്രീകളെ, വൃദ്ധരെ

സ്നേഹിച്ചു. നമ്മൾ ആദ്യം സംസാരിച്ച അഗാപ്പേയുടെ തിളങ്ങുന്ന ഉത്തമ ഉദാഹരണമാണ് ഫ്രാൻസീസ്.

സ്കാൾഫാരി : അങ്ങ് കൃത്യമായി ഫ്രാൻസീസിനെ വിവരിച്ചിരിക്കുന്നു. എന്നാൽ എന്തുകൊണ്ടാണ് അങ്ങയുടെ പൂർവ്വികർ ആരും ആ പേര് സ്വീകരിക്കാതിരുന്നത്. ഞാൻ കരുതുന്ന അങ്ങേയ്ക്കുശേഷവും ആ പേര് ഇനിയും ആരും തിരഞ്ഞെടുക്കാൻ പോകുന്നില്ലെന്ന്.

പാപ്പാ : അത് നമുക്കറിഞ്ഞുകൂടാ. എനിക്കുമുൻപ് ആരും ആ പേര് തിരഞ്ഞെടുത്തില്ല. ഇനി ഭാവിയെക്കുറിച്ച്.......... അത് നമ്മൾ ഊഹിക്കേണ്ട. ഇവിടെ നമ്മൾ ഏറ്റവും വലിയപ്രശ്നത്തെയാണ് അഭിമുഖീകരിക്കുന്നത്.......... എന്തെങ്കിലും കുടിക്കാനെടുക്കട്ടെ............
സ്കാൾഫാരി : നന്ദി ഒരുഗ്ലാസ് വെള്ളം (അദ്ദേഹം എഴുന്നേറ്റുപോയി വാതിൽ തുറന്ന് പുറത്തുനിന്നിരുന്ന ആരോടോ രണ്ടുഗ്ലാസ് വെള്ളം ആവശ്യപ്പെട്ടു. തിരിച്ചുവന്ന് എന്നോട് ചോദിച്ചു. കാപ്പി എടുക്കട്ടെ? ഞാൻ വേണ്ട എന്നു പറഞ്ഞു. വെള്ളം കൊണ്ടുവന്നു. ഞങ്ങളുടെ സംഭാഷണത്തിന്റെ അവസാനത്തിൽ എന്റെ ഗ്ലാസിലെ വെള്ളം ഒരുപക്ഷേ തീർന്നുപോയേക്കാം. അദ്ദേഹത്തിന്റെ ഗ്ലാസ് അപ്പോഴും നിറഞ്ഞുതന്നെയിരിക്കും. അദ്ദേഹം മുരടനക്കി തൊണ്ട ശരിയാക്കി വീണ്ടും പറഞ്ഞുതുടങ്ങി.)

പാപ്പാ : ഫ്രാൻസീസ് രൂപപ്പെടുത്താൻ ആഗ്രഹിച്ചത് ഒരു ഭിക്ഷുസമൂഹത്തെയാണ്-അലഞ്ഞുതിരിയുന്ന സന്യാസസമൂഹത്തെ. പരസ്പരം കണ്ടുമുട്ടാനും, സംസാരിക്കാനും, ശ്രദ്ധിക്കാനും, ലോകം മുഴുവൻ സ്നേഹവും വിശ്വാസവും പടർത്താനുമാഗ്രഹിക്കുന്ന മിഷണറിമാരെ. മറ്റുള്ളവരുടെ സംരക്ഷണം ഏറ്റെടുക്കുന്ന ഒരു ദരിദ്രസഭയെയായിരുന്നു ഫ്രാൻസീസ് സ്വപ്നം കണ്ടത്. സ്വന്തം താത്പര്യങ്ങൾക്കു വേണ്ടിയല്ലാതെ മറ്റുള്ളവരെ സഹായിക്കാൻവേണ്ടി മാത്രം ഭൗതികസമ്പത്ത് സ്വീകരിക്കുന്ന സഭയെ. 800 വർഷം കടന്നു പോയി. എന്നിട്ടും ദരിദ്രയും മിഷനറിയുമായ ആ ആദർശ സഭ ഇന്നും പ്രസക്തമായി നിൽക്കുന്നു. ഈ സഭയെയാണ് യേശുവും ശിഷ്യരും പ്രഘോഷിച്ചത്.

സ്കാൾഫാരി : നിങ്ങൾ കത്തോലിക്കർ ഇപ്പോഴും ലോകത്തിൽ ന്യൂനപക്ഷമാണ്. പോ പ്പിന്റെ അടുക്കളമുറ്റമാണ് ഇറ്റലിയെങ്കിലും ഇവിടത്തെ അവസ്ഥയും അതു തന്നെയാണ്. കണക്കുകൾ പ്രകാരം യഥാർത്ഥകത്തോലിക്കാവിശ്വാസികൾ 8% മുതൽ 15% വരെയേ ഉള്ളൂ. ലോകജനസംഖ്യയിൽ ഒരു ബില്യണോ അതിൽ അൽപം കൂടുതലോ കത്തോലിക്കർ ഉണ്ടാകാം. ബാക്കിയുള്ള എല്ലാ ക്രൈസ്തവസഭകളും കൂടിച്ചേർന്നാൽ അത് ഒന്നര ബില്യൺ വന്നേക്കാം. എന്നാൽ ഭൂമിയിലെ ജനസംഖ്യ 6 മുതൽ 7 ബില്യൺ വരെയാണ്. നിങ്ങൾ ശരിക്കും ന്യൂനപക്ഷം തന്നെയാണ്.

പാപ്പാ : ഞങ്ങൾ എപ്പോഴും ന്യൂനപക്ഷമായിരുന്നു. എന്നാൽ ഇപ്പോഴത്തെ വിഷയം അതല്ല. വ്യക്തിപരമായി എനിക്കുതോന്നുന്നത് ന്യൂനപക്ഷമായിരിക്കുക എന്നതാണ് യഥാർത്ഥത്തിൽ ശക്തി എന്നാണ്. ഞങ്ങൾ പുളിമാവാണ്. അത് കുറച്ചുമതി. മൊത്തം മാവിനെ ആ കുറച്ചു പുളിമാവ് പാകപ്പെടുത്തും. കത്തോലിക്കർ ലോകജനതയിൽ പുളിമാവ് ആകേണ്ടവരാണ്. ആ പുളിമാവ് അതുണ്ടാക്കുന്ന മരങ്ങളെക്കാൾ, പൂക്കളെക്കാൾ, ധാന്യങ്ങളെക്കാൾ എത്ര ചെറുതാണ്. അതുകൊണ്ട് ചെറുതായിരിക്കുക. പുളിമാവായിരിക്കുക. അതാണ് വേണ്ടത്. ഞങ്ങളുടെ ആത്യന്തികലക്ഷ്യം മതപരിവർത്തനമത്രെ പക്ഷേ മറ്റുള്ളവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും പ്രതീക്ഷകളും സങ്കടങ്ങളും നിരാശകളും കേൾക്കുക എന്നത് ഞങ്ങളുടെ ഉത്തരവാദിത്തമാണ്. നമ്മുടെ ചെറുപ്പക്കാരിൽ നമുക്ക് പ്രത്യാശ പുന:സ്ഥാപിക്കാം. വൃദ്ധരെ സഹായിക്കാം. ഭാവിയോട് തുറവിയുള്ളവരാകാം. സ്നേഹം പ്രചരിപ്പിക്കാം. ദരിദ്രരുടെ ഇടയിൽ നമുക്ക് ദരിദ്രരാകാം; പുറംതള്ളപ്പെട്ടവരെ നമുക്ക് തിരിച്ചെടുക്കാം; സമാധാനം പ്രഘോഷിക്കാം. പോൾ ആറാമനും ജോൺ 23-ാമനും ചേർന്നു രൂപം കൊടുത്ത രണ്ടാം വത്തിക്കാൻ കൗൺസിൽ നവചൈതന്യത്തോടെ ഭാവിയിലേക്ക് നോക്കാനും ആധുനികസംസ്കാരത്തോട് തുറവിയോടെ വർത്തിക്കാനും തീരുമാനിച്ചു. ആധുനികസംസ്കാരത്തോടുള്ള തുറവി എക്യുമെനിസത്തിനും അവിശ്വാസികളുമായുള്ള സംഭാഷണത്തിനും വഴിതുറക്കുമെന്ന് കൗൺസിൽ പിതാക്കൻമാർ തിരിച്ചറിഞ്ഞിരുന്നു. നിർഭാഗ്യവശാൽ ആ ദിശയിൽ കാര്യങ്ങൾ വളരെ കുറച്ചുമാത്രമേ മുന്നോട്ടുപോയുള്ളൂ. അതിനുവേണ്ടി എന്തെങ്കിലും ചെയ്യാനുള്ള ആഗ്രഹവും എളിമയും എനിക്കുണ്ട്.

സ്കാൾഫാരി : ഞാൻ കൂട്ടിച്ചേർക്കട്ടെ. ആധുനികസമൂഹം വലിയ ഒരു പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. അത് സാമ്പത്തികപ്രതിസന്ധി മാത്രമല്ല. സാമൂഹികവും ആത്മീയവും കൂടിയാണ്. ഈ സംഭാഷണത്തിന്റെ ആദ്യത്തിൽ അങ്ങ് വർത്തമാനകാലത്തിന്റെ ഭാരത്താൽ ഞെരുങ്ങിപ്പോകുന്ന ഒരു തലമുറയെക്കുറിച്ചു പറഞ്ഞല്ലോ. ഞങ്ങൾ അവിശ്വാസികൾക്കുപോലും ഒരു ഭാരം അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ടാണ് ഞങ്ങൾക്ക് വിശ്വാസികളുമായും അവരെ പ്രതിനിധീകരിക്കുന്ന നല്ല വ്യക്തികളുമായും സംഭാഷണം ആവശ്യമായി വരുന്നത്.

പാപ്പാ : വിശ്വാസികളെ പ്രതിനിധീകരിക്കുന്നവരിൽ ഏറ്റവും നല്ലവൻ ഞാനാണോ എന്ന് എനിക്കറിയില്ല. പക്ഷേ ദൈവം എന്നെ സഭയുടെയും പത്രോസിന്റെ രൂപതയുടെയും തലവനായി നിയമിച്ചു. എന്നിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുവാൻ ഞാനെന്റെ കഴിവിന്റെ പരമാവധി പരിശ്രമിക്കും.

സ്കാൾഫാരി : അങ്ങ് ചൂണ്ടിക്കാണിച്ചതനുസരിച്ച് യേശു പറഞ്ഞത് നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്നാണ്. ഇത് സഭയിൽ സംഭവിച്ചിട്ടുണ്ടോ?

പാപ്പാ : നിർഭാഗ്യവശാൽ ഇല്ല. സ്വാർത്ഥത കൂടുകയും അതുവഴി മറ്റുള്ളവരോടുള്ള സ്നേഹത്തിന് തകർച്ച സംഭവിക്കുകയും ചെയ്തിരിക്കുന്നു.

സ്കാൾഫാരി : അപ്പോൾ ഈ ലക്ഷ്യമാണ് നമുക്ക് പൊതുവായുള്ളത്- സ്വയം സ്നേഹത്തിന്റെയും അപരനോടുള്ള സ്നേഹത്തിന്റെയും തീവ്രത തുല്യമാക്കുക. അങ്ങയുടെ സഭ ഇങ്ങനെയൊരു പ്രക്രിയയ്ക്ക് സജ്ജമാണോ?

പാപ്പാ : നിങ്ങൾക്കെന്താണ് തോന്നുന്നത്?

സ്കാൾഫാരി : എനിക്കു തോന്നുന്നു സഭയുടെ അധികാരഘടനയിലും വത്തിക്കാൻ മതിലുകൾക്കുള്ളിലും ഭൗതികഅധികാരത്തോടുള്ള തീക്ഷ്ണമായ സ്നേഹം ഇപ്പോഴും ശക്തമാണെന്ന്. അങ്ങ് സ്വപ്നം കാണുന്ന ദരിദ്രയും മിഷനറിയുമായ സഭയുടെമേൽ സ്ഥാപനാത്മകമായ സഭ ആധിപത്യം ചെലുത്തുന്നു.

പാപ്പാ : വാസ്തവത്തിൽ അത് അങ്ങനെയാണ്. മാത്രമല്ല ഈ ഒരു തലത്തിൽ നമുക്ക് അത്ഭുതങ്ങളൊന്നും പ്രവർത്തിക്കാനും സാധിക്കില്ല. ഫ്രാൻസീസിന്റെ കാലത്തുപോലും റോമൻ ഹയറാർക്കിയോടും പോപ്പിനോടും ദീർഘമായ ചർച്ചകൾ അദ്ദേഹത്തിനു നടത്തേണ്ടിവന്നു- സഭാനിയമങ്ങൾ അനുവദിച്ചുകിട്ടാൻ. അവസാനമാണ് ഫ്രാൻസീസിന്റെ സമൂഹത്തിന് അനുവാദം ലഭിച്ചത്. അതും ഏറെ തിരുത്തലോടുകൂടെയും; ഏറെ ഒത്തുതീർപ്പുകൾക്കുശേഷവും.

സ്കാൾഫാരി : അങ്ങേയ്ക്കും ആ വഴി തന്നെയാണോ പിൻതുടരാനുള്ളത്?

പാപ്പാ : ഞാൻ അസ്സീസ്സിയിലെ ഫ്രാൻസീസല്ല. അതുകൊണ്ട് എനിക്ക് അദ്ദേഹത്തിന്റെ ശക്തിയോ പരിശുദ്ധിയോ ഇല്ല. പക്ഷേ ഞാൻ റോമിന്റെ ബിഷപ്പും, കത്തോലിക്കാസഭയുടെ മാർപ്പാപ്പയുമാണ്. ഞാൻ മാർപാപ്പായായതിനുശേഷം തീരുമാനിച്ച ആദ്യത്തെ കാര്യം എന്റെ ഉപദേശകരായി എട്ടു കർദ്ദിനാൾമാരെ നിയമിക്കുക എന്നതായിരുന്നു. അവർ കൊട്ടാരവിദൂഷകരല്ല. മറിച്ച് ബുദ്ധിമാന്മാരും ഞാനുമായി സമാനചിന്താഗതി പുലർത്തുന്നവരുമാണ്. ഇതൊരു പുതിയ സഭയുടെ ആരംഭമാണ്. പിരമിഡിന്റെ ആകൃതിയിലല്ല ഇതിന്റെ ഘടന. മറിച്ച് എല്ലാവരും ഒരുമിച്ച് നീങ്ങേണ്ട സമതലഭൂമിയുടെ സ്വഭാവമാണ്. കർദ്ദിനാൾ മർത്തീനി കൗൺസിലിനെയും സിനഡിനെയും കുറിച്ച് സംസാരിച്ചപ്പോൾ ഒരിക്കൽ പറഞ്ഞിരുന്നു. അങ്ങനെ ഒരു സമതല ഭൂമിയിലേക്കുള്ള .യാത്ര ആയാസകരവും ദൈർഘ്യമേറിയതും ആയിരിക്കുമെന്ന്. പക്ഷേ ആ യാത്ര തുടങ്ങിയേ പറ്റൂ. സൗമ്യമായും എന്നാൽ ദൃഢമായും, പിടിവിടാതെയുമായിരിക്കും ആ യാത്ര തുടങ്ങുന്നത്.

സ്കാൾഫാരി : രാഷ്ട്രീയത്തെക്കുറിച്ച്...........?

പാപ്പാ : അത് എന്തിനാണ് ചോദിക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞല്ലോ സഭ രാഷ്ട്രീയത്തിൽ ഇടപെടില്ലെന്ന്.

സ്കാൾഫാരി : കുറച്ചുനാൾമുമ്പ് അങ്ങ് കത്തോലിക്കരോട് പൗരബോധത്തോടെ രാഷ്ട്രീയത്തിലിടപെടാൻ അഭ്യർത്ഥിച്ചിരുന്നല്ലോ?

പാപ്പാ : ഞാൻ അത് അഭ്യർത്ഥിച്ചത് കത്തോലിക്കരോടുമാത്രമല്ല. നല്ലത് ആഗ്രഹിക്കുന്ന എല്ലാവരോടുംകൂടിയാണ്. ഞാൻ പറയുന്നത് പൗരധർമ്മങ്ങളിൽ അതിപ്രധാനമാണ് രാഷ്ട്രീയമെന്നാണ്. അതിന് അതിന്റേതായ പ്രവർത്തനമേഖലകൾ ഉണ്ട്. പക്ഷെ അത് മതത്തിന്റെ മേഖലകളല്ല. രാഷ്ട്രീയസ്ഥാപനങ്ങൾ മതനിരപേക്ഷമാണ്. അവ എല്ലാം തന്നെ മതനിരപേക്ഷമായ പൊതുമണ്ഡലത്തിലാണ് പ്രവർത്തിക്കുന്നത്. എന്റെ മുൻഗാമികളെല്ലാം വർഷങ്ങളായി പറഞ്ഞുകൊണ്ടിരുന്നത് ഇതുതന്നെയാണ്. പറയുന്നശൈലിയിൽ മാത്രമേ വ്യത്യാസമുണ്ടായിരുന്നുള്ളു. എന്റെ വിശ്വാസമനുസരിച്ച് കത്തോലിക്കർ പൗരബോധത്തോടെ രാഷ്ട്രീയത്തിൽ ഇടപെടുമ്പോൾ അവർ മതപരമായ ജീവിതത്തിൽനിന്ന് സ്വായത്തമാക്കിയ മൂല്യങ്ങളെ രാഷ്ട്രീയത്തിൽ കൊണ്ടുവരുമെന്നാണ്. മൂല്യങ്ങൾ പ്രചരിപ്പിക്കുക എന്ന ധർമ്മത്തിനപ്പുറത്തേക്ക് സഭ പോകില്ല. ചുരുങ്ങിയപക്ഷം ഞാനിവിടെയുള്ളിടത്തോളം കാലമെങ്കിലും.

സ്കാൾഫാരി : എന്നാൽ എപ്പോഴും അങ്ങനെ ആയിരുന്നില്ലല്ലോ സംഭവിച്ചുകൊണ്ടിരുന്നത്?
പാപ്പാ : ശരിയാണ്. അത് അങ്ങനെയായിരുന്നില്ല. ഒരു പ്രസ്ഥാനം എന്ന നിലയിൽ ഭൗതികത സഭയിൽ എപ്പോഴും ആധിപത്യം നേടിയിട്ടുണ്ട്. പല സഭാംഗങ്ങൾക്കും മുതിർന്ന സഭാനേതാക്കൾക്കും അങ്ങനെതന്നെയാണെന്ന് തോന്നുന്നുമുണ്ട്. ഞാനിനി നിങ്ങളോട് ഒരു ചോദ്യം ചോദിക്കട്ടെ. ഒരു മതേതരവാദിയും നിരീശ്വരവാദിയുമായ നിങ്ങൾ എന്തിലാണ് വിശ്വസിക്കുന്നത്? നിങ്ങൾ ഒരെഴുത്തുകാരനും ചിന്തകനുമാണ്. അതുകൊണ്ട് നിങ്ങൾ എന്തിലെങ്കിലും വിശ്വസിക്കുന്നുണ്ടാകണം. നിങ്ങൾക്കൊരു മൂല്യസംഹിതയും ഉണ്ടാകണം. സത്യസന്ധത, അന്വേഷണം, പൊതുനന്മ തുടങ്ങിയ വളരെ പൊതുവായ ഉത്തരങ്ങൾ പ്രധാനമുള്ളവയാണെങ്കിലും അതല്ല ഞാൻ പ്രതീക്ഷിക്കുന്നത്. നിങ്ങളുടെ അഭിപ്രായത്തിൽ ലോകത്തിന്റെ, പ്രപഞ്ചത്തിന്റെ സത്ത എന്താണ്? കുട്ടികൾ പോലും ചോദിക്കും ഞാൻ ആരാണ്? ഞാൻ എവിടെനിന്നു വരുന്നു? എവിടേയ്ക്കു പോകുന്നു എന്ന്? നിങ്ങൾ സ്വയം ഈ ചോദ്യം ചോദിക്കാറില്ലേ?

സ്കാൾഫാരി : എന്നോട് ഈ ചോദ്യം ചോദിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ഞാൻ സത്തയിൽ വിശ്വസിക്കുന്നു. അത് ചെറിയ അണുവിൽ മുതൽ പ്രപഞ്ചത്തിലാകമാനമുണ്ട്.

പാപ്പാ : ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. പക്ഷെ എന്റെ ദൈവം ഒരു കത്തോലിക്കാ ദൈവമല്ല. കത്തോലിക്കാ ദൈവമില്ല. വെറും ദൈവമേയുള്ളു. പിന്നെ ഞാൻ യേശുക്രിസ്തുവിലും അവന്റെ മനുഷ്യാവതാരത്തിലും വിശ്വസിക്കുന്നു. അവനാണ് എന്റെ ഗുരുവും ഇടയനും. എന്നാൽ ദൈവം എന്റെ പിതാവാണ്. എന്റെ വെളിച്ചവും സൃഷ്ടാവുമാണ്. ഇതാണ് ഞാൻ വിശ്വസിക്കുന്ന സത്ത. ഇപ്പോൾ നമ്മൾതമ്മിൽ വലിയ അന്തരമുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

സ്കാൾഫാരി : നമ്മുടെ ചിന്തയിൽ നമ്മൾ വ്യത്യസ്തരാണ്. എന്നാൽ ചിന്തയുടെയും ജന്മവാസനയുടെയും അടിസ്ഥാനത്തിൽ മനുഷ്യജീവികളെന്ന നിലയിൽ നമ്മൾ സമാനരുമാണ്.

പാപ്പാ : നിങ്ങൾ സത്തയെന്നു വിളിക്കുന്ന ജീവിതപ്രമാണത്തെ നിർവ്വചിക്കാനാവുമോ?

സ്കാൾഫാരി : സത്ത ഊർജ്ജമാണ്. ഊർജ്ജം ക്ഷരമില്ലാത്തതാണ്; അതോടൊപ്പം നിരാകാരവുമാണ്. ഊർജ്ജത്തിൽ നിന്നാണ് രൂപങ്ങൾ ഉടലെടുക്കുന്നത്. അവ രൂപമെടുക്കുകയും നശിക്കുകയും ചെയ്യുന്നു. എന്നാലും അവയുടെ ഊർജ്ജം നശിപ്പിക്കപ്പെടുന്നില്ല. മനുഷ്യനായിരിക്കാം ചിന്തിക്കാൻ കഴിയുന്ന ഏക ജീവി.

പാപ്പാ : നിങ്ങളുടെ തത്വചിന്തയുടെ സംക്ഷിപ്തരൂപം എനിക്കു നിങ്ങൾ തരണമെന്ന് ഞാനാഗ്രഹിക്കുന്നില്ല. നിങ്ങൾ പറഞ്ഞിടത്തോളംകൊണ്ട് ഞാൻ തൃപ്തനാണ്. എന്നെ സംബന്ധിച്ചിടത്തോളം ദൈവം എന്നത് അന്ധകാരത്തെ നീക്കുന്ന വെളിച്ചമാണ്. അത് ഇരുട്ടിനെ ലയിപ്പിച്ചുകളയുന്നില്ലെങ്കിലും അന്ധകാരത്തെ വെളിച്ചമാക്കുന്നു. ആ വെളിച്ചത്തിന്റെ ഒരു കിരണം നമ്മിൽ ഓരോരുത്തരിലുമുണ്ട്. നിങ്ങൾക്ക് ഞാൻ അയച്ച കത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു. കാലം ചെല്ലുമ്പോൾ മനുഷ്യകുലം അറ്റുപോകും. എന്നാൽ ദൈവികവെളിച്ചം ഒരിക്കലും കെട്ടുപോകുന്നില്ല. ആ ദിവ്യവെളിച്ചം എല്ലാവരിലും അപ്പോൾ നിറയുന്നു. എല്ലാം കീഴടക്കുന്നു.

സ്കാൾഫാരി : ശരിയാണ്. ഞാൻ ഓർക്കുന്നു. കത്തിൽ അങ്ങ് പറഞ്ഞിരുന്നു. വെളിച്ചം എല്ലാ ആത്മാക്കളിലും നിറയുന്നുവെന്ന്. അതിനെ എനിക്കിങ്ങനെ പറയാമോ? അതീന്ദ്രിയമായ ഒന്നിനെക്കാൾ നമ്മിൽതന്നെ അന്തർലീനമായ ഒന്നിന്റെ രൂപമാണ് ഇതു തരുന്നതെന്ന്.

പാപ്പാ : അതീന്ദ്രിയത നിലനിർത്തുന്നതിനു കാരണം ഓരോ ജീവിയിലും നിറഞ്ഞിരിക്കുന്ന ആ ദിവ്യ വെളിച്ചമാണ്. നമുക്കിനി ഇന്നത്തെ കാലത്തിലേക്ക് തിരിച്ചു വരാം. നമ്മുടെ ചർച്ച ഒരു പടി മുന്നോട്ടുപോയിരിക്കുന്നു. നമ്മൾ ജീവിക്കുന്ന ലോകത്ത് പരസ്നേഹത്തേക്കാൾ സ്വാർത്ഥത കൂടിവരുന്നു. അതുകൊണ്ട് നല്ലത് ആഗ്രഹിക്കുന്നവരെല്ലാം തങ്ങളാൽ കഴിയുംവിധം പരസ്നേഹം വളർത്തിയെടുക്കാൻ ബാദ്ധ്യസ്ഥരാണ്. പരസ്നേഹം സ്വാർത്ഥതയ്ക്കു തുല്യമാകുന്നതുവരെയോ അത് സ്വാർത്ഥതയെ മറികടക്കുന്നതുവരെയോ ഈ പ്രവർത്തനം തുടരേണ്ടതുണ്ട്.

സ്കാൾഫാരി : അങ്ങനെ വീണ്ടും രാഷ്ട്രീയം ചർച്ചയിലേക്ക് വരുന്നു.

പാപ്പാ : തീർച്ചയായും എനിക്കുതോന്നുന്നത് കടിഞ്ഞാണില്ലാത്ത ക്യാപിറ്റലിസം ശക്തരെക്കൂടുതൽ ശക്തരാക്കുകയും, നിസ്സഹായരെ കൂടുതൽ നിസ്സഹായരാക്കുകയും ചെയ്യുന്നു. പാർശ്വവൽക്കരിക്കപ്പെട്ടവരെ തീർത്തും ഒഴിവാക്കുകയും ചെയ്യുന്നു. നമുക്ക് വലിയ സ്വാതന്ത്ര്യം വേണം. വിവേചനം യാതൊരു തരത്തിലും പാടില്ലതാനും. നമുക്ക് നിയമങ്ങൾ വേണം. രൂക്ഷമായ അസമത്വം അവസാനിപ്പിക്കാൻ സമൂഹത്തിന്റെയും സർക്കാരിന്റെയും ഇടപെടലും ആവശ്യമാണ്.

സ്കാൾഫാരി :അങ്ങ് ആഴമേറിയ വിശ്വാസത്തിന് ഉടമയാണ്. അങ്ങ് ദൈവകൃപയാൽ സ്പർശിക്കപ്പെട്ടവനാണ്. സഭയുടെ അജപാലനത്തെയും, വിശ്വാസപ്രചാരണത്തെയും ഒരു പുതിയ വഴിയിലേക്ക് നയിക്കാൻ അങ്ങ് ആഗ്രഹിക്കുന്നു. അങ്ങ് സംസാരിക്കുന്നതും, അങ്ങ് സംസാരിക്കുന്നതിൽനിന്ന് ഞാൻ മനസ്സിലാക്കുന്നതും വച്ചുനോക്കുമ്പോൾ അങ്ങ് വിപ്ലവകാരിയായ മാർപ്പാപ്പാ ആയിരിക്കും. ഇപ്പോൾതന്നെ അങ്ങ് അങ്ങനെയാണ്. പകുതി ഈശോസഭക്കാരനും, പകുതി ഫ്രാൻസിസ്ക്കനും. മുമ്പെങ്ങും കണ്ടിട്ടില്ലാത്ത ചേരുവ. അതിനുപുറമേ മൻസോണി, ഹോൾഡെർലിൻ, ലിയോപാർഡി, ദോസ്തോവിസ്കി എന്നീ എഴുത്തുകാരെയും ഫെന്നിനി, റോസിലിനി അൾഡോ ഫബ്രിസി എന്നീ സംവിധായകരെയും ഇഷ്ടപ്പെടുന്നു.

പാപ്പാ: അവരെ ഞാൻ ഇഷ്ടപ്പെടാൻ കാരണം ഞാൻ ചെറുപ്പം മുതൽ തന്നെ എന്റെ മാതാപിതാക്കളോടൊപ്പം അവരുടെ സിനിമകൾ കണ്ടിട്ടുണ്ട്. അവരുടെ പുസ്തകൾ വായിച്ചിട്ടുണ്ട്.

സ്കാൾഫാരി: അങ്ങേയ്ക്കു കാണാൻ ഈയിടെ ഇറങ്ങിയ രണ്ടു സിനിമകൾ ഞാൻ ശുപാർശ ചെയ്യട്ടെ. വീവാ ലിബർത്ത എന്ന സിനിമയും ഫെല്ലിനിയെപ്പറ്റി ഇട്ടോറേ സ്കോള ചെയ്ത സിനിമയും അങ്ങേയ്ക്ക് ഇഷ്ടപ്പെടും. അധികാരത്തെപ്പറ്റി പറയുകയാണെങ്കിൽ എനിക്ക് 20 വയസ്സുള്ളപ്പോൾ ഒന്നരമാസം ഒരു ഈശോസഭാധ്യാനമന്ദിരത്തിൽ ഞാൻ ധ്യാനത്തിൽ പങ്കെടുത്തു. നാസികൾ റോമിൽ ഉണ്ടായിരുന്ന കാലമായിരുന്നു അത്. ഞാൻ നിർബന്ധിതസൈനികസേവനത്തിൽനിന്ന്വിട്ടുനിന്നു. വധശിക്ഷയ്ക്ക് അർഹമായൊരു കുറ്റമാണത്. മുഴുവൻ സമയവും ആത്മീയ പരിശീലനത്തിന് തയ്യാറാകണമെന്ന വ്യവസ്ഥയിൽ ഈശോസഭക്കാർ അത് പിടിക്കപ്പെടാതിരിക്കാൻ ഞങ്ങളെ ഒളിപ്പിച്ചുവച്ചു.

പാപ്പാ: (ചിരിയോടെ) ഒന്നരമാസത്തെ നിരന്തരമായ ആത്മീയപരിശീലനം അനുഭവിക്കു ക എന്നത് അസാധ്യം തന്നെയല്ലേ? (കൂടുതൽ കൗതുകത്തോടും സ്നേഹത്തോടും കൂടി പാപ്പാ ചോദിച്ചു)

അടുത്തതവണ കാണുമ്പോൾ ഇതിൽ കൂടുതൽ നേരം സംസാരിക്കാം. ഞങ്ങൾ പരസ്പരം ആലിംഗനം ചെയ്തു. വാതിലിലേയ്ക്കുള്ള പടികൾ കയറി. എന്നെ അനുഗമിക്കേണ്ടെന്ന് ഞാൻ പാപ്പായോടു പറഞ്ഞെങ്കിലും അദ്ദേഹം എന്നോടൊപ്പം വന്നു. സംസാരിച്ചുകൊണ്ട് ഞങ്ങൾ നടന്നു. പാപ്പാ പറഞ്ഞു അടുത്ത പ്രാവശ്യം കാണുമ്പോൾ താങ്കൾക്കിഷ്ടമാണെങ്കിൽ സഭയിൽ സ്ത്രീകളുടെ സ്ഥാനത്തെക്കുറിച്ച് സംസാരിക്കാം. സഭ സ്ത്രൈണമാണ്. അല്ലെങ്കിൽ നമുക്ക് പാസ്കലിനെ കുറിച്ചു സംസാരിക്കാം ആ മഹാത്മാവിനെപറ്റി നിങ്ങൾ എന്താണ് ചിന്തിക്കുന്നതെന്നറിയാൻ എനിക്കു താൽപര്യമുണ്ട്. ഞങ്ങൾ പുറം വാതിലിനടുത്തെത്തി. പാപ്പാ പറഞ്ഞു."നിങ്ങളുടെ കുടുംബത്തിലെ എല്ലാവർക്കും എന്റെ അനുഗ്രഹം പ്രാർത്ഥനയും കൊടുക്കണം. എനിക്കു വേണ്ടി പ്രാർത്ഥിക്കണമെന്ന് അവരോട് പറയണം. എന്നെ ഓർക്കണം. ഇടയ്ക്കിടയ്ക്ക് എന്നെ ഓർക്കണം."

ഞങ്ങൾ പരസ്പരം ഹസ്തദാനം ചെയ്തു അദ്ദേഹം അദ്ദേഹത്തിന്റെ രണ്ടു വിരലുകൾ ഉയർത്തിപ്പിടിച്ചു നിന്നു- എന്നെ അനുഗ്രഹിക്കുന്നതുപോലെ. ഞാൻ അദ്ദേഹത്തിന്റെ നേരെ കൈവീശി യാത്ര പറഞ്ഞു.

ഇതാണ് ഫ്രാൻസിസ് പാപ്പാ. സഭ അദ്ദേഹത്തെപ്പോലെ ആകുകയാണെങ്കിൽ, അദ്ദേഹം ആഗ്രഹിക്കുന്നതുപോലെ സഭ ആകുകയാണെങ്കിൽ അത് ഒരു ഐതിഹാസി മാറ്റമായിരിക്കും.